LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-3-2014-മുതൽ 6 മാസത്തേക്കാണ് ഇളവ് അനുവദിച്ചിരിക്കുന്നത്.

(സി&ഡി) ഹൈസ്കൂൾ പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവരുടെ പ്രൊമോഷൻ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഇളവുമൂലം ഇടുക്കി ജില്ലയിൽ ആർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ച തുക

57 (7022) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താറുണ്ടോ ;

(ബി) 2013 അദ്ധ്യയന വർഷം എറണാകുളം ജില്ലയിലെ സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുടെ വികസനത്തിന് എത്ര തുകയാണ് അനുവദിച്ചത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ; സബ്ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രവൃത്തി ഏറ്റെടുക്കാത്ത എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതൊക്കെയെന്ന് സബ്ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏതൊക്കെ സ്കൂളുകൾക്കുള്ള തുകയാണ് തടഞ്ഞ് വച്ചിരിക്കുന്നതെന്നും ഇതിന്റെ കാരണവും വ്യക്തമാക്കാമോ ;

(ഇ) എറണാകുളം ജില്ലയിൽ 2014 മാർച്ചിൽ വിരമിച്ച എത്ര പ്രധാന അദ്ധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിലെ സ്കൂളുകൾക്ക് 2013-14 വർഷത്തേക്ക് 58,60,000 രൂപ(അൻപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചു. ഇതിൽ 2014 ജൂൺമാസം വരെ 5366018 രൂപ ചെലവഴിച്ചു.

റവന്യൂ സെക്കണ്ടറി വിഭാഗത്തിലെ 64 സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുടെ വികസനത്തിന് 2,90,57,000 രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ പ്രൊഫഷണൽ റവന്യൂ സെക്കന്ററി വിഭാഗത്തിൽ 220 സ്കൂളുകളിലായി 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്ന് ഭരണാനുമതി നൽകി. 17,00,000 രൂപ അനുവദിച്ചു. 13,60,000 രൂപ ചെലവഴിച്ചു.

ഹൈസ്കൂളുകളുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും സബ് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.* ഹയർ സെക്കന്ററിയുടെ കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(സി) സബ് ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) 1. ചെങ്ങമനാട് ജി.എച്ച്.എസ്.-4 യൂണിറ്റ് ടോയ്ലെറ്റ് പണിയുന്നതിന് 2 ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ചു. പണി തൃപ്തികരമല്ലാത്തതിനാലും ഇതുസംബന്ധിച്ച് പരാതി ലഭിച്ചതിനാലും ബാക്കി തുകയായ 2 ലക്ഷം രൂപ തടഞ്ഞുവച്ചിരിക്കുന്നു.

2. പെരുമ്പാവൂർ ജി.എൽ.പി.എസ്.ന് അനുവദിച്ച 5 യൂണിറ്റിനുവേണ്ടി 2.50 ലക്ഷം രൂപ അഡ്വാൻസ് നൽകി. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ എൽ.എസ്.ജി.ഡി. എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് കണ്ടതിനാൽ തുക താൽക്കാലികമായി തടഞ്ഞുവച്ചിരിക്കുന്നു.

ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കുള്ള തുകയൊന്നും തടഞ്ഞുവച്ചിട്ടില്ല.

(ഇ) 45 പേർക്ക് ലഭിച്ചിട്ടില്ല. ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കി ബാധ്യത/ബാധ്യത രഹിത പത്രം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽനിന്നും വിരമിച്ച രണ്ട് പ്രധാന അദ്ധ്യാപകരിൽ ഒരാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഇതിനോടകം നൽകി. ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാത്തതിനാൽ മറാളുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽനിന്ന് 2014 മാർച്ചിൽ ആരും തന്നെ വിരമിച്ചിട്ടില്ല.

പയ്യോളി പഞ്ചായത്തിൽ സർക്കാർ ഹൈസ്കൂൾ

58 (7023) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി പഞ്ചായത്തിൽ നിലവിൽ സർക്കാർ ഹൈസ്കൂൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പയ്യോളി പഞ്ചായത്തിലെ കീഴൂർ ഗവ. യു.പി. സ്കൂൾ ആർ.എം.എസ്.എ. പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നുവോയെന്ന് വിശദമാക്കാമോ ;

(സി) ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ആരിൽ നിന്നെല്ലാമെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly